പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1794 10.02.2020-ലെ മറുപടിക്ക്

## രാത്രികാലങ്ങളിലെ റോഡപകടങ്ങൾ

ചോദ്യം

ശ്രീ.ടി.ജെ. വിനോദ്

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ട്രാഫിക് സിഗ്നലുകൾ രാത്രികാലങ്ങളിൽ അണയ്ക്കുന്നതുമൂലം റോഡപകടങ്ങൾ വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2019-ലെ റോഡപകടങ്ങളിൽ 1227 അപകടങ്ങൾ നടന്നത് ട്രാഫിക് സിഗ്നലുകളിലാണ്. അതിൽ 132 പേർ മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രധാനപ്പെട്ട ജംഗ്ഷനുകളിലെ ട്രാഫിക് സിഗ്നലുകൾ 24 മണിക്കൂറും പ്രവർത്തനക്ഷമമാക്കണമെന്ന് റോഡുസുരക്ഷാ അതോറിറ്റി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നോ; | (ബി) യും (സി) യും | 40-ാമത് കേരള റോഡ് സുരക്ഷ അതോറിറ്റിയുടെ യോഗതീരുമാന പ്രകാരം peak, non peak & night signal എന്നീ ടൈം പ്ലാനുകൾ പ്രകാരം ട്രാഫിക് സിഗ്നലുകൾ ആവശ്യാനുസരണം 24 മണിക്കൂറും പ്രവർത്തിപ്പിക്കുന്നതിനുള്ള നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്. |
| (സി) | എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;വിശദമാക്കുമോ ; | | |
| (ഡി) | രാത്രികാലങ്ങളിൽ വൺവേ തെറ്റിച്ച് വരുന്ന വാഹനങ്ങൾ അപകടങ്ങൾ വരുത്തുന്നതുമൂലമുള്ള സ്ഥിതിവിശേഷം വിലയിരുത്തിയിട്ടുണ്ടോ; | (ഡി) | വിലയിരുത്തിയിട്ടുണ്ട്. |
| (ഇ) | 2019-ൽ ഇപ്രകാരം വൺവേ തെറ്റിച്ചുവന്ന വാഹനാപകടങ്ങളിൽപ്പെട്ട് എത്രപേർ മരണമടഞ്ഞുവെന്ന് അറിയിക്കാമോ ; | (ഇ) | 2018-ൽ ഇത്തരത്തിൽ ദിശ മാറി ഓടിച്ചതു കാരണം 115 പേർ മരണപ്പെട്ടുകയുണ്ടായി. 2019-ൽ ഇത്തരത്തിൽ ദിശ മാറി ഓടിച്ചതു കാരണം കോഴിക്കോട് സിറ്റിയിലും കാസർഗോഡും ഓരോ മരണങ്ങൾ നടന്നിട്ടുണ്ട്. |
| (എഫ്) | രാത്രികാലങ്ങളിലും വൺവേ സിസ്റ്റം ബാധകമായിട്ടുള്ള സ്ഥലങ്ങളിൽ അതു കർശനമായി പാലിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ? | (എഫ്) | 40-ാമത് കേരള റോഡ് സുരക്ഷ അതോറിറ്റിയുടെ യോഗതീരുമാന പ്രകാരം എല്ലാ ജില്ലാ കളക്ടർമാർക്കും ഇതു സംബന്ധിച്ച് രാത്രികാലങ്ങളിലും ONE WAY TRAFFIC SYSTEM നടപ്പിലാക്കുന്നതിന് കർശന നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ